**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **13-10-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന നടപ്പാക്കുന്ന സാംസ്കാരിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ ജി സ്റ്റീഫൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കിഫ്ബി മുഖേന നടപ്പാക്കുന്ന സാംസ്കാരിക പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 700 കോടി രൂപ എസ്റ്റിമേറ്റിൽ 14 ജില്ലകളിൽ സാംസ്കാരിക നിലയങ്ങൾ നിർമ്മിക്കുവാനുള്ള പദ്ധതി, 100 കോടി രൂപ എസ്റ്റിമേറ്റിൽ സംസ്ഥാനത്ത് അനുയോജ്യമായ സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി, 150 കോടി രൂപ എസ്റ്റിമേറ്റിൽ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, അന്താരാഷ്ട്ര ചലച്ചിത്ര ഉത്സവം സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ എസ്റ്റിമേറ്റിൽ ഫിലിം ഫെസ്റ്റിവെൽ കോംപ്ലക്സ് പദ്ധതി എന്നിവയാണ് സംസ്ഥാനത്ത് കിഫ്ബി മുഖേന സാംസ്കാരിക വകുപ്പിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ. |
| (ബി) | ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുള്ളത്; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫ്ബിയുടെ അനുമതി ലഭിച്ച പദ്ധതികളും, ഓരോ പദ്ധതിയ്ക്കായി അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏതെല്ലാം പദ്ധതികളാണ് ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ചുവടെപ്പറയുന്ന പദ്ധതികൾ ആണ് നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. 1.ശ്രീനാരായണ സാംസ്ക്കാരിക സമുച്ചയം, കൊല്ലം 2.വി.ടി.ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, പാലക്കാട് 3.സുബ്രഹ്മണ്യ തിരുമുമ്പ് സാംസ്ക്കാരിക സമുച്ചയം, കാസർഗോഡ് 4.കായംകുളം തിയേറ്റർ സമുച്ചയം 5..അളഗപ്പനഗർ തിയേറ്റർ സമുച്ചയം 6.പയ്യന്നൂർ തിയേറ്റർ സമുച്ചയം |
| (ഡി) | ഏതെല്ലാം പദ്ധതികളാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | കൊല്ലം, കാസർഗോഡ് സാംസ്കാരിക സമുച്ചയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തി. |
| (ഇ) | ഏതെങ്കിലും പദ്ധതികൾ തുടങ്ങാനാവാത്ത അവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; ഇവ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | തിരുവനന്തപുരത്ത് ഫിലിം ഫെസ്റ്റിവലിനായി ഒരു സ്ഥിരം വേദി സ്ഥാപിക്കുന്നതിനായി ചിത്രാഞ്ജലി സ്റ്റുഡിയോയിൽ സ്ഥലം കണ്ടെത്തിയെങ്കിലും അന്താരാഷ്ട്ര ഫിലിംഫെസ്റ്റിവൽ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നതിനുള്ള അസൗകര്യങ്ങൾ പരിഗണിച്ച് പ്രസ്തുത കോംപ്ലക്സിന് അനുയോജ്യമായ മറ്റൊരു സ്ഥലം കണ്ടെത്തുവാൻ തീരുമാനിച്ചു. ഈ പദ്ധതിക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. സാംസ്കാരിക സമുച്ചയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, കണ്ണൂർ ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. എറണാകുളം, തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ അനുയോജ്യമായ സർക്കാർ ഭൂമി ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ കണ്ടെത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപ കോടിയിൽ) |
|---|---|---|
| 1 | ശ്രീനാരായണ സാംസ്ക്കാരിക സമുച്ചയം, കൊല്ലം | 57.327 |
| 2 | വി.ടി.ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം, പാലക്കാട് | 68.809 |
| 3 | സുബ്രഹ്മണ്യ തിരുമുമ്പ് സാംസ്കാരിക സമുച്ചയം, കാസർഗോഡ് | 41.956 |
| 4 | അബ്ദുൽ റഹ്മാൻ സാഹിബ് സാംസ്കാരിക സമുച്ചയം, മലപ്പുറം | 39.675 |
| 5 | കായംകുളം തിയേറ്റർ സമുച്ചയം | 16.276 |
| 6 | അളഗപ്പനഗർ തിയേറ്റർ സമുച്ചയം | 9.401 |
| 7 | പയ്യന്നൂർ തിയേറ്റർ സമുച്ചയം | 13.4 |
| 8 | പേരാമ്പ്ര തിയേറ്റർ സമുച്ചയം | 14.265 |
| 9 | വൈക്കം തിയേറ്റർ സമുച്ചയം | 14.71 |
| 10 | കാക്കനാട് തിയേറ്റർ സമുച്ചയം | 22.337 |
| 11 | പായം തിയേറ്റർ സമുച്ചയം | 5.88 |
| 12 | താനൂർ തിയേറ്റർ സമുച്ചയം | 16.685 |
| 13 | ചിത്രാഞ്ജലി സ്റ്റുഡിയോ നവീകരണ പദ്ധതി | 67.167 |